# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ താമസ്,
ബഹു. ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 3930/11/12/2024/റ്റി.വി.എം.**

പരാതിക്കാരൻ : കെ.വിശ്വംഭരൻ നായർ (മുൻ ഹെഡ് അക്കൗണ്ടൻറ്, മഹത്മാ ഗാന്ധി കോളേജ്, തിരുവനന്തപുരം), റ്റി.സി.നമ്പർ 22/736, ശാസ്ത്രാരവം, പണിക്കേഴ്സ് ലൈൻ, എഫ് 44, ശാസ്തമംഗലം, തിരുവനന്തപുരം- 695010.

എതിർകക്ഷി :

**ഉത്തരവ് തിയതി : 2024 സെപ്റ്റംബർ മാസം 25**

1. തിരുവനന്തപുരം മഹത്മാ ഗാന്ധി കോളേജ് പ്രിൻസിപ്പാളിന്റെ 10-7-2024-ലെ റിപ്പോർട്ടും കോളേജ് വിദ്യാഭ്യാസ കൊല്ലം ഉപഡയറക്ടറുടെ 9-7-2024-ലെ റിപ്പോർട്ടും കമ്മീഷൻ പരിശോധിച്ചു. പരാതിക്കാരന്റെ പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുന്നത് സംബന്ധിച്ച അപേക്ഷ എല്ലാ ന്യൂനതകളും പരിഹരിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്നും സർക്കാരിൽ നിന്നും തീരുമാനം വരുന്ന മുറയ്ക്ക് സത്വരനടപടി സ്വീകരിക്കുന്നതാണെന്നും കൊല്ലം കോളേജ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്നു.

2. അർഹതപ്പെട്ട തുകകൾ പരാതിക്കാരന് അനുവദിച്ചുകൊടുത്ത് മൂന്നാഴ്ചക്കുള്ളിൽ പരാതി പരിഹരിക്കേണ്ടതാണെന്ന് കോളേജ് വിദ്യാഭ്യാസ കൊല്ലം ഉപ ഡയറക്ടറോട് നിർദ്ദേശിച്ചുകൊണ്ട് 5-5-2023-ൽ ഇതേ വിഷയത്തിൽ കമ്മീഷൻ ഉത്തരവ് പാസാക്കിയിരുന്നതാണ്. ഇക്കാര്യത്തിൽ ഇനിയും കാലതാമസം വരുത്തുന്നത് ശരിയായ നടപടിയല്ല. ആ സാഹചര്യത്തിൽ ഇതുവരെ സർക്കാരിൽനിന്നും തീരുമാനം ലഭിച്ചിട്ടില്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എത്രയും വേഗം തീരുമാനം കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറെ രേഖാമൂലം അറിയിക്കണം. അതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം, ഏറിയാൽ ഈ ഉത്തരവിന്റെ പകർപ്പ് കിട്ടി ഒരു മാസത്തിനുള്ളിൽ പരാതിക്കാരന് അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്ത് പരാതി പരിഹരിക്കണമെന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. തുടർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിസിപ്പൽ സെക്രട്ടറിയും കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറും പ്രത്യേകം പ്രത്യേകം ഇത് സംബന്ധിച്ച Action

taken report കമ്മീഷനിൽ സമർപ്പിക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു.

പരാതിക്കാരനും കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടർക്കും സത്വര നടപടികൾക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ